പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2022 — 17.12.2012-ൽ മറുപടിക്ക്.

# വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരാതിപ്പെട്ടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിന് ആഭ്യന്തര വകുപ്പ് പദ്ധതിയിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | : (എ) ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവേർനെസ്സ് എന്ന സ്കീമിന്റെ ഭാഗമായി ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് അവിടെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് സ്ഥാപിക്കുന്നതിന് 13.07.2012-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ:2126/2012/ഹോം പ്രകാരം ഉത്തരവായിട്ടുണ്ട്. 440 സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് 5000/-രൂപാവീതം നൽകിയിട്ടുണ്ട്. ഇത് പ്രസ്തുത സ്കൂളുകളിൽ പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനും, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമാണ് വിനിയോഗി-ക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | : (ബി) സ്കൂൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ സുരക്ഷിതത്വവും, സംരക്ഷണവുമാണ് പ്രസ്തുത സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ. പരാതിപ്പെട്ടിയിലൂടെ ലഭിക്കുന്ന പരാതികൾ പ്രസ്തുത പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ നേരിട്ട് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിപ്രകാരം ലഭിക്കുന്ന പരാതികളിൽ പരിഹാരം കാണുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ? | : (സി) പ്രസ്തുത പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ നേരിട്ട് ഇത്തരം പെറ്റീഷനുകളിൽ ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ